IX അനൗദ്യോഗികാംഗങ്ങളുടെ കാര്യം

(1) അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ ഇരുപത്തിയഞ്ചാമതു റിപ്പോർട്ട്

ശ്രീ. എം. എം. ഹസ്സൻ : സർ, അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ 25-ാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.....(ബഹളം)

[1984-ലെ കേരള കെട്ടിടനിർമ്മാണ തൊഴിലാളിക്ഷേമനിധി ബിൽ (ശ്രീ. കാനം രാജേന്ദ്രൻ നോട്ടീസ് നൽകിയത്) സെലക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയം, മെമ്പർ സീറ്റിലില്ലാതിരുന്നതിനാൽ ചർച്ചക്കെടുത്തില്ല.]

(2) 1985-ലെ കേരള സഹകരണ സംഘങ്ങൾ (ഭേദഗതി) ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം സംബന്ധിച്ച ചർച്ച

ശ്രീ. പി. സി. ജോർജ് : സർ, 1985-ലെ കേരള സഹകരണ സംഘങ്ങൾ (ഭേദഗതി) ബില്ലിനെ സംബന്ധിച്ച് കഴിഞ്ഞ നിയമസഭാ സമ്മേളനം നടന്നുകൊണ്ടിരുന്നപ്പോഴും പല ദിവസങ്ങളിലും ഞാൻ സംസാരിച്ചതാണ്. ഈ ബിൽ നിയമമായാൽ സംസ്ഥാനഗവൺമെന്റിന് യാതൊരു നഷ്ടവും വരുന്നില്ല. മാത്രമല്ല ഈ നിയമം ഉണ്ടാക്കുന്നതുകൊണ്ട് ഗവൺമെന്റിന് യാതൊരു ബുദ്ധിമുട്ടുകളുമില്ല. ആ നിലയ്ക്ക് ഈ ബിൽ അംഗീകരിക്കണമെന്നാണ് എനിക്ക് ഗവൺമെന്റിനോട് അഭ്യർത്ഥിക്കുവാനുള്ളത്. എം. എൽ. എ. മാരുടെ അവകാശങ്ങൾക്കുവേണ്ടിയുള്ള ധർമ്മസമരവുമായിട്ടാണ് ഞങ്ങൾ ഈ അനൗദ്യോഗിക ബില്ലുകളുമായി ഈ സഭയിലേക്ക് വന്നിരിക്കുന്നത്. കഴിഞ്ഞ നിയമസഭാ സമ്മേളനം നടന്നുകൊണ്ടിരുന്നപ്പോൾ ഞാനും ഈ സഭയിലെ മറ്റ് അംഗങ്ങളും ഇതുപോലെ അനൗദ്യോഗിക ബില്ലുകൾ ഈ സഭയിൽ അവതരിപ്പിക്കുകയുണ്ടായി. ഈ ബിൽ നിയമമാക്കണം, ഈ രാജ്യത്തിന്റെ മാറ്റത്തിനനുസരിച്ച് നിയമങ്ങളിൽ മാറ്റം വരുത്തേണ്ടതുണ്ട്. (ഈ സമയമത്രയും പ്രതിപക്ഷാംഗങ്ങൾ ഉച്ചത്തിൽ മുദ്രാവാക്യങ്ങൾ മുഴക്കിക്കൊണ്ടിരുന്നു.)

മി. സ്പീക്കർ : ഏതായാലും ഈ കാര്യത്തെ സംബന്ധിച്ച് കക്ഷിനേതാക്കൻമാരുമായി ആലോചിക്കാം.

സഭാ നടപടി താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്. കക്ഷിനേതാക്കൻമാരുമായി ആലോചിച്ചതിനുശേഷം 12.30-ന് സഭ വീണ്ടും ചേരുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സഭ 11.34-ന് പിരിഞ്ഞു)

(ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ ഉച്ചയ്ക്ക് ശേഷം 12.30-ന് സഭ വീണ്ടും സമ്മേളിച്ചു.)

(പ്രതിപക്ഷാംഗങ്ങൾ സ്പീക്കറുടെ ഡയസിനു മുമ്പിലിരുന്ന് അപ്പോഴും മുദ്രാവാക്യം വിളിച്ചുകൊണ്ടിരുന്നു.)

മി. സ്പീക്കർ : ചെയർ നേരത്തെ സഭയിൽ പറഞ്ഞതുപോലെ ഇരു ഭാഗത്തുമുള്ള കക്ഷിനേതാക്കൻമാരുമായി പ്രത്യേകം പ്രത്യേകമായി ചർച്ച നടത്തി. പക്ഷേ ഒരു കോമൺ എഗ്രിമെൻറ് ഉണ്ടായിട്ടില്ല. ഒരു തീരുമാനത്തിൽ എത്തിയിട്ടില്ല. അതിൽ ചെയറിനു അങ്ങേയറ്റത്തെ വിഷമമുണ്ട്. ഏതായാലും ഗവൺമെൻറിന്റെ ഫിനാൻഷ്യൽ ബിസിനസ് നടത്തിക്കൊടുക്കുകയെന്നുള്ള ബാദ്ധ്യത തീർച്ചയായിട്ടും ചെയറിനുണ്ട്. അതുകൊണ്ട് അതിലേക്ക് പ്രൊസീഡ് ചെയ്യുകയാണ്. എല്ലാവരും സഹകരിക്കണം.

ശ്രീ. ഇ കെ. നായനാർ : അനഭിമതരെ സംരക്ഷിച്ച മന്ത്രിമാർ രാജിവയ്ക്കണം. അല്ലെങ്കിൽ നേരത്തെ ഞങ്ങൾ ആവശ്യപ്പെട്ടതുപോലെ ഒരു നിയമസഭാകമ്മിറ്റിയെ വച്ച് അന്വേഷണം നടത്തണം. അതാണ് ഞങ്ങളുടെ പോയിൻറ്.

(ബഹളം)

X നിയമനിർമ്മാണകാര്യം

1986-ലെ കേരള ധനവിനിയോഗ (വോട്ടു ഓൺ അക്കൗണ്ട്) ബിൽ

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, 1986-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ : ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, 1986-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ പരിഗണനക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, ഞാൻ ഇതിനെ പിൻതാങ്ങുന്നു.

കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ, 1986 പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം വോട്ടിനിട്ട് സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

വകുപ്പു തിരിച്ചുള്ള പരിഗണന.

രണ്ടും മൂന്നും വകുപ്പുകൾ.

രണ്ടും മൂന്നും വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നം

2/2512/V.

LIBRARY ARCHIVES Kerala Legislative Assembly